പൊതുമരാമത്തു വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക

900 [1073] ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക കേരള എൻജിനീയറിംഗ് സർവീസിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അനന്തര നടപടികൾ എന്തെല്ലാം പൂർത്തിയായി; ഇനി എന്തെല്ലാം നടപടികൾ ബാക്കിയുണ്ട്;

(സി) ഈ ഉത്തരവു നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത് എപ്പോൾ നടപ്പിലാക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഭേദഗതികൾ വരുത്തുന്നതിനുവേണ്ടി 8 കരടുനോട്ടിഫിക്കേഷനുകൾ തയ്യാറാക്കി പൊതുഭരണ (സർവീസസ്) വകുപ്പും, പൊതുഭരണ (റൂൾസ്) വകുപ്പും സംയുക്തമായി നടത്തി കഴിഞ്ഞു. നിയമവകുപ്പു സംയുക്തമായി നടത്തിക്കൊണ്ടിരിക്കുന്നു. അതിനുശേഷം പബ്ലിക് സർവീസ് കമ്മീഷൻ സബ്ജക്ട് കമ്മിറ്റി കാബിനറ്റ് എന്നിവകളുടെ അംഗീകാരവും നേടേണ്ടിയിരിക്കുന്നു.

(സി) 8 നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കേണ്ടതിനാൽ പൊതുഭരണവകുപ്പും നിയമവകുപ്പും പല ഭേദഗതികളും കരടു നോട്ടിഫിക്കേഷനുകളിൽ വരുത്തുകയുണ്ടായി. അവ ചീഫ് എൻജിനീയറു (ജനറൽ) മായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടവയാണ്.

(ഡി) മേൽനടപടിക്രമങ്ങൾ പൂർത്തിയായാലുടനെ നടപ്പിലാക്കുന്നതാണ്.

സി.എൽ.ആർ/എസ്.എൽ.ആർ ജീവനക്കാരെ സംബന്ധിച്ച ഉത്തരവ്

901 [1074] ശ്രീ. വി.കെ. രാജൻ:
ശ്രീ. കെ.ഇ. ഇസ്മയിൽ:
ശ്രീ. എം.കെ. കേശവൻ:
ശ്രീ. കെ.പി. പ്രഭാകരൻ:
ശ്രീമതി. ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൽ.ആർ/എസ്.എൽ.ആർ. ജീവനക്കാരെ റഗുലർ സർവീസിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) 1976 മുതൽ 1986 ജനുവരിവരെ പി.ഡബ്ളിയു.ഡി. ഡിപ്പാർട്ട്മെൻറിൽ റെഗുലർഡാം ഇറിഗേഷൻ സെക്ഷനു കീഴിൽ ജോലി ചെയ്തിരുന്ന എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ഡി) ഇവരെ പിരിച്ചുവിടുവാനുള്ള കാരണമെന്ത്;

(ഇ) ഇവരെ തിരികെ സർവീസിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-9-1985-ൽ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 4-7-1983-ലെ ജി.ഒ.(ആർ.ടി) 848/83/ പി.ഡബ്ളിയു. ഉത്തരവുപ്രകാരം സി.എൽ.ആർ/ എസ്.എൽ.ആർ/ എൻ.എ.ആർ കാറ്റഗറികളിൽ നിയമനം പാടില്ലാത്തതാകുന്നു.

(ഇ) പിരിച്ചുവിടപ്പെട്ടവർ 17-9-1985-ലെ ജി.ഒ. (പി) 106/85/ പി.ഡബ്ളിയു.ഡി. ഉത്തരവിന്റെ പരിധിയിൽ വരുന്നവരാണെങ്കിൽ ഒഴിവിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ഭാവിയിൽ സർവീസിൽ പ്രവേശനം ലഭിക്കുന്നതാണ്.

ഹരിജനായ പി. കുഞ്ഞുകൃഷ്ണനെ തത്സ്ഥിതിയിലാക്കാതെ സ്ഥലം മാറ്റുന്നതായ പരാതി

902 [1077] ശ്രീ വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പു ചീഫ് എൻജിനീയറുടെ (ജനറൽ) 8-7-1985-ലെ ഇ.ഡി 5-636/85 ഓർഡർ പ്രകാരം ഒരു ഹരിജനായ പി. കുഞ്ഞുകൃഷ്ണൻ എന്ന ഹെഡ് ക്ലർക്കിനെ കണ്ണൂർ മൈനർ ഇറിഗേഷൻ ഡിവിഷണൽ ഓഫീസിൽനിന്നും സതേൺ സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ (ബി ആൻറ് ആർ) ഓഫീസിലേക്ക് സ്ഥലം മാറ്റിയിരുന്നോ;

(ബി) അയാളെ അവിടെ നിന്നും ബി ആൻറ് ആർ കോട്ടയം സബ് ഡിവിഷണൽ 15-7-85-ലെ എസ്.എ. 7-287/85 ഓർഡർപ്രകാരം പോസ്റ്റ് ചെയ്യുകയുണ്ടായോ;

(സി) വീണ്ടും പത്തുമാസം കഷ്ടിച്ച് തികയുമ്പോഴേക്കും അയാളെ അവിടെനിന്നും 26-5-86-ലെ എസ്.ഇ. 7-6662/86 നംബർ ഓർഡർപ്രകാരം ലോക്കൽ വർക്കുസിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ;

(ഡി) ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിനെതിരായി പരാതിപ്പെട്ടുകൊണ്ടുള്ള നിവേദനം മേലധികാരികൾക്കും ബഹുമാനപ്പെട്ട മന്ത്രിക്കും കിട്ടിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) സ്ഥലം മാറ്റിയിരുന്നു.

(ബി) (സി) (ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly